# കേരള സർക്കാർ

## സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - ജീവനക്കാര്യം - കൊല്ലം കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റിലെ അക്കൗണ്ട്സ് ഓഫീസറായ ശ്രീ.വി.അശോക് കുമാർ ഡെപ്യൂട്ടി ഡയറക്ടറുടെ അധിക ചുമതല നിർവ്വഹിച്ചതിന് ചാർജ്ജ് അലവൻസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്

**സ.ഉ(സാധാ) നം.2066/2018/ഉ.വി.വ.** **തീയതി,തിരുവനന്തപുരം:15.11.2018**

പരാമർശം : - 1. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 20.03.2018 – തീയതികളിലെ ബി1/27390/2015/കോ.വി.വ നമ്പർ കത്ത്.

2. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 08.07.2016 – ലെ ബി1/780/2016/കോ.വി.വ നമ്പർ നടപടിക്രമം..

3. സ.ഉ (സാധാ) നം.3114/2016/ഉ.വി.വ തീയതി 16.11.2016.

## <u>ഉത്തരവ്</u>

കൊല്ലം കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറേറ്റിൽ അക്കൗണ്ട്സ് ഓഫീസറായ ശ്രീ.വി.അശോക് കുമാർ 08.07.2016 മുതൽ 17.03.2017 വരെ കൊല്ലം ഡെപ്യൂട്ടി ഡയറക്ടറുടെ പൂർണ്ണ സാമ്പത്തിക അധികാരത്തോടെയുള്ള അധികചുമതല നൽകിയ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടി പരാമർശം (3) പ്രകാരം സാധൂകരിച്ച് ഉത്തരവായിരുന്നു. 08.07.2016 മുതൽ 17.03.2017 വരെ കൊല്ലം ഡെപ്യൂട്ടി ഡയറക്ടറുടെ പൂർണ്ണ സാമ്പത്തിക അധികാരത്തോടെയുള്ള അധികചുമതല വഹിച്ചിരുന്ന കാലയളവിൽ ടിയാന് അർഹതപ്പെട്ട ചാർജ്ജ് അലവൻസ് നൽകണമെന്ന് പരാമർശം (1) പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ. ഭാഗം. I, ചട്ടം 53 A II (c), 53 (c) എന്നിവ പ്രകാരം കൊല്ലം കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറേറ്റിൽ അക്കൗണ്ട്സ് ഓഫീസറായ ശ്രീ. വി. അശോക് കുമാറിന് 15600-39100+AGP 6000 എന്ന പേ ബാന്റിന്റെ മിനിമത്തിന്റെ 7% എന്ന നിരക്കിൽ 11/07/2016 മുതൽ പരമാവധി മൂന്ന് മാസ കാലയളവിലേക്ക് മാത്രം ചാർജ്ജ് അലവൻസ് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എൽ.കുശലകുമാരി**

ഗവ: അണ്ടർ സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട വ്യക്തിയ്ക്ക് (കോളേജ് വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
ധനകാര്യവകുപ്പ്(23.08.2018 ലെ EDN-C1/155/2018-FIN നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ/ ഡയറക്ടർ, ഐ&പി.ആർ.ഡി
നോഡൽ ഓഫീസർ, www.highereducation.kerala.gov.in
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ